കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല – തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് - 2004-05 മുതൽ 2008-09 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് - സ്കൂളിൽ വികസനപ്രവർത്തനം നടത്തിയത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എ.സി) വകുപ്പ്

സ.ഉ (സാധാ)നം. 524/14/തസ്വഭവ. തിരുവനന്തപുരം, തീയതി: 25.02.2014

പരാമർശം:
1. തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 16.07.2010-ാം തീയതിയിലെ യോഗത്തിലെ 108/10(2)-ാം നമ്പർ തീരുമാനം.
2. വയനാട് ജില്ലാ പഞ്ചായത്ത് ഡയറക്ടറുടെ 21.08.2010, 15.01.2014 തീയതികളിലെ എ 9-3080/2010 നമ്പർ കത്ത്.

ഉത്തരവ്

വയനാട് ജില്ലയിലെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ 2004-05 മുതൽ 2008-09 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ വരാത്ത കാര്യങ്ങൾക്ക് 3,29,198/- (മൂന്ന് ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റെട്ട് മാത്രം) രൂപ ചെലവഴിച്ചതിന് സർക്കാർ സാധൂകരണം വാങ്ങണമെന്ന് നിർദ്ദേശിച്ചിരുന്നു. സർക്കാർ സാധൂകരണം നൽകണമെന്ന തൊണ്ടർനാട് ഗ്രാമപഞ്ചായത്തിന്റെ പരാമർശം 1-ലെ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പരാമർശം 2-ലെ കത്ത് പ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ആകെ ഒരു ഹൈസ്കൂൾ (പാലേരി ഹൈസ്കൂൾ) മാത്രമാണ് നിലവിലുണ്ടായിരുന്നതെന്നും, പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന ആദിവാസി ദുർബല വിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയമായ പാലേരി ഹൈസ്കൂളിലെ പിന്നാക്ക വിഭാഗക്കാരായ കുട്ടികളുടെ പഠന സൗകര്യം വർദ്ധിപ്പിക്കുവാനും നിലവാരം മെച്ചപ്പെടുത്തുവാനും DPC അംഗീകാരത്തോടെയാണ് പദ്ധതികൾ നടപ്പിലാക്കിയതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഹൈസ്കൂളുകൾ ജില്ലാ പഞ്ചായത്തിന് കൈമാറിയ സ്ഥാപനമാണ്. ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ച സാങ്കേതിക പ്രശ്നമാണ് ഓഡിറ്റിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പരാമർശം 1-ലെ യോഗതീരുമാനം, പരാമർശം 2 -ലെ അപേക്ഷ എന്നിവ പരിഗണിച്ചും, മേലിൽ ഇത്തരം വീഴ്ച ഉണ്ടാകരുതെന്ന കർശന നിർദ്ദേശത്തോടെയും , തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ 2004-05 മുതൽ 2008-09 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം പാലേരി ഹൈസ്കൂളിലെ വിവിധ പദ്ധതികൾക്കായി തടസ്സപ്പെടുത്തിയ 3,29,198/-((മൂന്ന്

ലക്ഷത്തി ഇരുപത്തിയൊൻപതിനായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റെട്ട് മാത്രം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എം.സി.പ്രസന്നകുമാരി,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത്, വയനാട് ജില്ല.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ,(എൽ.ബി.എ &എ), കേരളം, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.